©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2016 ആഗസ്റ്റ് 9<br>9th August 2016<br>1191 കർക്കടകം 25<br>25th Karkadakam 1191<br>1938 ശ്രാവണം 18<br>18th Sravana 1938 | നമ്പർ<br>No. 1410 |


## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

വിജ്ഞാപനം

നമ്പർ 20549/ഇ1/2015/തൊഴിൽ. തിരുവനന്തപുരം, 2016 [illegible] 28, 1191 കർക്കടകം 25.

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രകാരം നിശ്ചയിക്കുന്നതിനെ സംബന്ധിച്ച നിർദ്ദേശം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.
33/2684/2016/S-16.

മേൽ പറഞ്ഞിരിക്കുന്ന നിർദ്ദേശം ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ടുമാസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശത്തെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുൻപോ, ഏതെങ്കിലും ആളിൽനിന്ന് ലഭിച്ചേക്കാവുന്ന അങ്ങനെയുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു. അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

പട്ടിക

**സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ**

(ബാങ്കിംഗ്, നോൺ ബാങ്കിംഗ്, ഇൻഷ്വറൻസ്, മൈക്രോഫിനാൻസ്, വിദേശ നാണ്യ വിനിമയ-ഹയർ പർച്ചേസ്, ചിട്ടി, കുറി, പണയസ്ഥാപനങ്ങൾ ഉൾപ്പടെ)

| *ക്രമ നമ്പർ* | *തസ്തിക* | *പ്രതിമാസ മിനിമം വേതന നിരക്ക് (രൂപ)* |
|---|---|---|
| (1) | (2) | (3) |
| (i) | ക്ലീനർ, സ്വീപ്പർ, ഹൗസ്കീപ്പിംഗ് അസിസ്റ്റന്റ്, അറ്റൻഡർ, ഓഫീസ് അറ്റന്റന്റ്, മെസഞ്ചർ | 10150-400-12150-500-14650 |
| (ii) | ഗാർഡനർ<br>വാച്ച്മാൻ/സെക്യൂരിറ്റി ഗാർഡ് (സായുധരല്ലാത്തവർ) | 10750-400-12750-500-15250 |
| (iii) | ഡ്രൈവർ | 11500-400-13500-500-16000 |
| (iv) | കളക്ഷൻ എക്സിക്യൂട്ടീവ്, എ. ടി. എം കാഷ് ലോഡിംഗ്, എക്സിക്യൂട്ടീവ്, കളക്ഷൻ ഏജന്റ്, റിക്കവറി അസിസ്റ്റന്റ്, ബിൽ കളക്ടർ, അപ്രൈസർ, സെക്യൂരിറ്റി ഗാർഡ് (സായുധരായവർ) | 13250-700-16750-800-20750 |

| (1) | (2) | (3) |
|---|---|---|
| (v) | ക്ലാർക്ക്, ജൂനിയർ ഓഫീസർ, ജൂനിയർ അസിസ്റ്റന്റ്, സെയിൽസ് ഓഫീസർ, ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ, ഇൻഷ്വറൻസ് പ്രൊമോട്ടർ, ഇൻഷ്വറൻസ് ഏജന്റ്, ഇൻഷ്വറൻസ് അഡ്വൈസർ, ജൂനിയർ റിക്കവറി ഓഫീസർ, ജൂനിയർ എക്സിക്യൂട്ടീവ് കസ്റ്റമർ, സർവ്വീസ് എക്സിക്യൂട്ടീവ്, കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്, ബിസിനസ് അസോസിയേറ്റ്, ജൂനിയർ ക്രെഡിറ്റ് ഓഫീസർ | 14750-750-18500-850-22750 |
| (vi) | കാഷ്യർ, അക്കൗണ്ടന്റ്, സീനിയർ എക്സിക്യൂട്ടീവ്, കസ്റ്റമർ റിലേഷൻ എക്സിക്യൂട്ടീവ്/കസ്റ്റമർ റിലേഷൻ ഓഫീസർ, സീനിയർ റിക്കവറി ഓഫീസർ, സീനിയർ ബിസിനസ് അസോസിയേറ്റ്, ജൂനിയർ ഇൻഷ്വറൻസ് ഓഫീസർ, അസിസ്റ്റന്റ് ക്രെഡിറ്റ് ഓഫീസർ | 16250-850-20500-950-25250 |
| (vii) | അസിസ്റ്റന്റ് മാനേജർ, ബിസിനസ് മാനേജർ, സെയിൽസ് ഡെവലപ്മെന്റ് മാനേജർ, സെയിൽസ് മാനേജർ, ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ, ക്യാഷ്യർ കം-അക്കൗണ്ടന്റ്, സീനിയർ ഇൻഷ്വറൻസ് ഓഫീസർ, ക്രെഡിറ്റ് ഓഫീസർ | 18500-1150-24300-1250-30550 |
| (viii) | ബ്രാഞ്ച് മാനേജർ, മാനേജർ (എച്ച്. ആർ), ഓപ്പറേഷൻസ് ഹെഡ്, ബ്രാഞ്ച് ഹെഡ്, ലീഗൽ അസിസ്റ്റന്റ് | 20500-1250-26750-1400-33750 |

**1. ക്ഷാമബത്ത**

അടിസ്ഥാന ശമ്പളത്തിനു പുറമേ സംസ്ഥാന സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ബന്ധപ്പെട്ട ജില്ലാ ആസ്ഥാനങ്ങൾക്കായി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99 = 100 എന്ന ഉപഭോക്തൃ വില സൂചികയിലെ 250 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 32 രൂപ 50 പൈസ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

**2. സർവ്വീസ് വെയിറ്റേജ്**

(i) ഒരു സ്ഥാപനത്തിൽ അല്ലെങ്കിൽ ഒരു തൊഴിലുടമയുടെ കീഴിൽ പൂർത്തിയാക്കിയതും ഇനി പൂർത്തിയാക്കുന്നതുമായ ഓരോ അഞ്ചു വർഷത്തെ സർവ്വീസിന് പുതിയ വേതന സ്കെയിലിൽ നിർണ്ണയിക്കപ്പെട്ട ശമ്പളത്തിന്റെ തൊട്ടടുത്ത നിരക്കിലുള്ള ഓരോ വാർഷിക ഇൻക്രിമെന്റ് എന്ന രീതിയിൽ സർവ്വീസ് വെയിറ്റേജ് ബന്ധപ്പെട്ട ജീവനക്കാരന് അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

(ii) ഏതെങ്കിലും തൊഴിലാളി അർഹതപ്പെട്ട ശമ്പള സ്കെയിലിന്റെ പരമാവധിയിൽ എത്തുകയാണെങ്കിൽ, പ്രസ്തുത തൊഴിലാളിക്ക് തുടർന്നുള്ള ഓരോ വർഷത്തെ സർവ്വീസിനും ബന്ധപ്പെട്ട വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള സമ്പള സ്കെയിലിലെ അവസാന നിരക്കിൽ തുടർന്നും വാർഷിക ഇൻക്രിമെന്റ് നൽകേണ്ടതാണ്.

**3. അധിക ജോലിക്കുള്ള പ്രത്യേക വേതനം**

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന തസ്തികയിലെ ഏതെങ്കിലും തൊഴിലാളി നിലവിലെ ജോലിക്കുപുറമേ പട്ടികയിലെ മറ്റേതെങ്കിലും തസ്തികയിലെ തൊഴിൽകൂടി ചെയ്യേണ്ടിവരുന്നപക്ഷം ആയതിനുള്ള അധിക അദ്ധ്വാന ഭാരത്തിനുള്ള കൂലിയായി പ്രസ്തുത തൊഴിലാളി സ്ഥിരമായി ജോലിചെയ്യുന്ന തസ്തികയിലെ അടിസ്ഥാന വേതനത്തിന്റെ 10% വരുന്ന തുക കൂടി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

**4. റിസ്ക് അലവൻസ്**

സ്വർണ്ണം, പണം, മറ്റ് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് എന്നിവ കൈകാര്യം ചെയ്യുന്നതായ അപ്രൈസർ, കാഷ്യർ എന്നീ ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്ക് അവരുടെ അടിസ്ഥാന വേതനത്തിന്റെ 10% വരുന്ന തുക പ്രത്യേക അലവൻസായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ തസ്തികയിലെ ജോലിചെയ്യുന്ന ജീവനക്കാർ അവർ ഏത് തസ്തികയിൽ നിയമിക്കപ്പെട്ടവരായാൽകൂടി മേൽപ്പറഞ്ഞ അലവൻസിന് അർഹരായിരിക്കും.

**പൊതു വ്യവസ്ഥകൾ**

(i) ഈ മേഖലയിലെ ഏതെങ്കിലും തസ്തികകൾ പട്ടികയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ അത്തരം ജീവനക്കാർക്ക് സമാന ജീവനക്കാരുടെ വേതനത്തിന്റെയും ക്ഷാമബത്തയുടെയും അധിക അലവൻസിന്റെയും ഇൻക്രിമെന്റിന്റെയും സർവ്വീസ് വെയിറ്റേജിന്റെയും നിരക്കിൽ വേതനം നൽകേണ്ടതാണ്.

(ii) അതത് തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വേതനം. ക്ഷാമബത്ത, അധിക അലവൻസ്, സർവ്വീസ് വെയിറ്റേജ് എന്നിവയുടെ ആകെ തുകയെ 26 (ഇരുപത്തിയാറ്)' കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന തുക ആതസ്തികയിലെ ജീവനക്കാരന്റെ ഒരു ദിവസത്തെ മിനിമം വേതനം ആയിരിക്കുന്നതാണ്.

(iii) ഏതെങ്കിലും സ്ഥാപനത്തിലോ ഒരു തൊഴിലുടമയുടെ കീഴിലോ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അന്തിമ വിജ്ഞാപന പ്രകാരമുള്ള ഏറ്റവും കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് തുടർന്നും ഉയർന്ന നിരക്കിൽ വേതനം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

No. 20549/E1/2015/LBR.

*Dated, Thiruvananthapuram, 28th July, 2016 / 13th Karkadakam, 1191.*

The following proposals for fixing the minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), as payable to the employees employed in Private Financial Institutions in the State as specified below, are hereby published for the information of all persons likely to be affected thereby, as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the aforesaid proposal will be taken up for consideration on or after two months from the date of the publication of this notification in the Gazette and the objections and suggestions,

if any, that may be received from any person with respect to the said proposals on or before the date specified above will be considered by the Government. All such objections and suggestions shall be addressed to the Additional Chief Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram-695 001.

SCHEDULE

| *Sl. No.* | *Post* | *Pay scale* ₹ |
|---|---|---|
| (1) | (2) | (3) |
| (i) | Cleaner, Sweeper, House-keeping Assistant, Attender, Office Attendant, Messenger | 10150-400-12150-500-14650 |
| (ii) | Gardener, Watchman/Security Guard (Un armed) | 10750-400-12750-500-15250 |
| (iii) | Driver | 11500-400-13500-500-16000 |
| (iv) | Collection Executive, ATM Cash Loading Executive, Collection Agent, Recovery Assistant, Bill Collector, Appraiser, Security Guard (Armed) | 13250-700-16750-800-20750 |
| (v) | Clerk, Junior Officer, Junior Assistant, Sales Officer, Business Development Officer, Insurance Promoter, Insurance Agent, Insurance Adviser, Junior Recovery Officer, Junior Executive, Customer Service Executive, Customer Care Executive, Business Associate Junior Credit Officer | 14750-750-18500-850-22750 |

| (1) | (2) | (3) |
|---|---|---|
| (vi) | Cashier, Accountant, Senior Executive, Customer Relations Executive/ Customer Relation Officer, Senior Recovery Officer, Senior Business Associate, Junior Insurance Officer, Assistant Credit Officer | 16250-850-20500-950-25250 |
| (vii) | Assistant Manager, Business Manager, Sales Development Manager, Sales Manager, Business Development Officer, Cashier-cum-Accountant, Senior Insurance Officer, Credit Officer | 18500-1150-24300-1250-30550 |
| (viii) | Branch Manager, Manager (Human Resource), Operations Head, Branch Head, Legal Assistant | 20500-1250-26750-1400-33750 |

**1. Dearness Allowances**

In addition to the basic rates of wages the employees shall be eligible for Variable Dearness Allowance at the rate of ₹ 32.50 for every increase of one point above 250 points (new series 1998-99=100) of the Consumer Price Index Numbers published each month by the Department of Economics and Statistics for the District Headquarters concerned.

**2. Service Weightage**

(i) The employees who have completed or are completing not less than five years of service in an establishment or under an employer as on the date of coming into force of the final notification, shall be paid service weightage adding to their basic wages at the rate of an annual increment in the next stage of the revised scale of pay for every completed five years of service.

(ii) If any employee will be eligible to get the wages at maximum rate prescribed in the pay scale, then such employee shall be paid an annual increment at the rate prescribed in the higher time scale for every completed year of service.

**3. Special Allowance for extra duty**

If an employee belong to a particular post in the schedule mentioned above is engaged in a work which is assigned to another post in the schedule, will be eligible for extra wage at the rate of 10% of the basic wage prescribed for his permanent post.

**4. Risk Allowance**

The appraisers, cashiers who are engaged in the handling of gold, money and other negotiable instruments will be eligible for risk allowance at the rate of 10% of the basic wage of each posts. The employees those who are dealing the above work other than appraisers and cashiers, are also eligible for Risk Allowance irrespective of their basic wages.

**General Conditions**

(i) If any other posts in this sector are not included in the Schedule above, then such posts should be provided with the rate of Minimum wages, Dearness allowance, Special allowance, Increment and Service weightage prescribed for the similar posts in the sector.

(ii) For the calculation of daily wages for categories in respect of which monthly wages have been fixed in the notification, basic monthly wage including Dearness Allowance shall be divided by 26.

(iii) In the case of employees of any establishment or under an employer who are at present getting higher wages than the Minimum Wages, as per the final notification they shall continue to enjoy such higher rates.

By order of the Governor,

TOM JOSE,
*Additional Chief Secretary to Government.*